Endt. No. IGR/2259/2018-RR9

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്
വഞ്ചിയൂർ, തിരുവനന്തപുരം,
തീയതി : 22/11/2018

1954-ലെ പ്രത്യേക വിവാഹ ആക്ടിലെ ഫീസുകൾ വർദ്ധിപ്പിച്ച സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 12/2018/നിയമം (എസ്.ആർ.ഒ. നമ്പർ 807/2018) അറിവിലേയ്ക്കായി അയയ്ക്കുന്നു.

Signature valid
Digitally signed by P K SAJANKUMAR
Date: 2018.11.22 17:36:55 IST
Reason: Approved

രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി

To

ഐ.ടി. സെക്ഷൻ (പേൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി)
എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും.
എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും/മാര്യേജ് ഓഫീസർമാർക്കും

86410/2018
22/11/18

8h
21/11/18

K3

"ഭരണഭാഷ - മാതൃഭാഷ"

# കേരള സർക്കാർ

നം.7569/ഒപ്പീനിയൻ ഇ 2/2018/നിയമം

നിയമ (ഒപ്പീനിയൻ ഇ) വകുപ്പ്
തിരുവനന്തപുരം, തീയതി 03.11.2018

പ്രേഷിതൻ

നിയമ സെക്രട്ടറി

സ്വീകർത്താവ്

(1) ഡയറക്ടർ ഓഫ് പ്രിന്റിംഗ്,
ഗവൺമെന്റ് പ്രസ്സ്,
തിരുവനന്തപുരം.

(2) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ,
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം. (അറിവിലേയ്ക്കായി)

സർ,

വിഷയം:- നിയമ (ഉപദേശം-ഇ) വകുപ്പ് - 2018-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ - വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും) - അസാധാരണ ഗസറ്റ് വഴി എസ്.ആർ.ഒ. ആയി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സ.ഉ.(അച്ചടിച്ചത്) നം.12/2018/നിയമം തീയതി 16 നവംബർ, 2018 – ഭേദഗതി വിജ്ഞാപനം (മലയാളത്തിലും ഇംഗ്ലീഷിലും)

2018-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ (മലയാളത്തിലും ഇംഗ്ലീഷിലും) പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു. ആയത് ഇന്നു തന്നെ, അതായത്, 2018, നവംബർ 16-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉടൻതന്നെ **500 പകർപ്പുകൾ** ഈ വകുപ്പിനും **50** പകർപ്പുകൾ രജിസട്രേഷൻ ഇൻസ്പെക്ടർ ജനറലിനും അയയ്ക്കുന്നതിനുള്ള നടപടിയെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പി. സുരേഷ് കുമാർ
അഡീഷണൽ സെക്രട്ടറി
നിയമസെക്രട്ടറിക്കു വേണ്ടി.

ഉള്ളടക്കം:- മേൽ പ്രകാരം

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

SRO No. 807/2018

G.O. (P) No.12/2018/Law

*Dated, Thiruvananthapuram, 16th November, 2018*
*30th Thulam, 1194*
*25th Karthikam, 1940*

**S.R.O. No. /2018**. - In exercise of the powers conferred by section 50 of the Special Marriage Act, 1954 (Central Act 43 of 1954) the Government of Kerala, hereby make the following rules further to amend the Kerala Special Marriage Rules, 1958 issued under D.Dis. 15676/57/EHD dated the 15th January, 1958 and published in the Kerala Gazette No.5 dated the 4th February, 1958, namely:-

RULES

1. *Short title and commencement*.-- These rules may be called the Kerala Special Marriage (Amendment) Rules, 2018.

2. *Amendment to the Rules*.-- In the Kerala Special Marriage Rules, 1958, in rule 10, for items (i) to (ix) and the entries against them, the following items and entries shall respectively be substituted, namely:-

| | | *Rupees* | *Paise* |
|---|---|---|---|
| "(i) | For the notice of intended marriage or application for the registration of marriage (to be paid by the parties to the marriage) | 105 | 00 |
| (ii) | For recording an objection (to be paid by the objector) | 105 | 00 |
| (iii) | For every enquiry into an objection (to be paid by the objector) | 525 | 00 |
| (iv) | For every notice and for every summons to a witness to appear and give evidence or produce a document (to be paid by the objector) | 105 | 00 |
| (v) | For solemnizing or registering a marriage (to be paid by the parties to the marriage) | 1050 | 00 |

| | | | |
|---|---|---|---|
| (vi) | For a certified copy of an entry –<br>(a) in the Marriage Notice Book other than an entry relating to an objection,<br>or<br>(b) in the Marriage Certificate Book (to be paid by the applicant) | 105 | 00 |
| (vii) | For a certified copy of an entry in the Marriage Notice Book other than a notice or of any other proceeding not already provided for (to be paid by the applicant) | 105 | 00 |
| (viii) | For solemnizing a marriage at any place outside the office of the Marriage Officer, in addition to the fee in entry (v) (to be paid by the parties to the marriage) | 1050 | 00 |

Note:- This fee may be appropriated by the Marriage Officer. *No travelling allowance shall, however, be claimed in addition.*

| | | | |
|---|---|---|---|
| (ix) | For making a search (to be paid by the applicant)-- | | |
| | (a) if the entry is of the current year – | 105 | 00 |
| | (b) if the entry related to any previous year or years (for each such year) | 105 | 00.” |

By order of the Governor,

B.G. HARINDRANATH,
*Law Secretary.*

**കേരള സർക്കാർ**

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടിച്ചത്) നമ്പർ.12/2018/നിയമം തിരുവനന്തപുരം, 2018, നവംബർ 16
1194, തുലാം 30
1940, കാർത്തികം 25

SRO. 857/2018

**എസ്.ആർ.ഒ. നമ്പർ........./2018** – 1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ (1954-ലെ 43-ാം കേന്ദ്ര ആക്റ്റ്) 50-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1958 ജനുവരി 15-ാം തീയതിയിലെ ഡി.ഡിസ്. 15676/57/ഇ.എച്ച്.ഡി. പ്രകാരം പുറപ്പെടുവിച്ചതും 1958 ഫെബ്രുവരി 4-ാം തീയതിയിലെ 5-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

2. ചട്ടങ്ങളുടെ ഭേദഗതി.- 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ 10-ാം ചട്ടത്തിൽ, (i) മുതൽ (ix) വരെയുള്ള ഇനങ്ങൾക്കും അവയ്ക്ക് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം, ഇനി പറയുന്ന ഇനങ്ങളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

| | | രൂപ | പൈസ |
|---|---|---|---|
| "(i) | ഉദ്ദിഷ്ട വിവാഹത്തെ സംബന്ധിച്ച നോട്ടീസ് അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 105 | 00 |

| | | |
|---|---|---|
| (ii) | ആക്ഷേപം രേഖപ്പെടുത്തുന്നതിന് (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 105 00 |
| (iii) | ആക്ഷേപത്തിന്മേലുള്ള ഒരു അന്വേഷണത്തിന് (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 525 00 |
| (iv) | സാക്ഷി ഹാജരാകുന്നതിനോ തെളിവ് നൽകുന്നതിനോ രേഖ ഹാജരാക്കുന്നതിനോ ഉള്ള ഓരോ നോട്ടീസിനും അല്ലെങ്കിൽ സമൻസിനും (ആക്ഷേപം ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) | 105 00 |
| (v) | വിവാഹം നടത്തുന്നതിനോ രജിസ്റ്റർ ചെയ്യുന്നതിനോ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 1050 00 |
| (vi) | ഒരു ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് - (എ) ഒരു വിവാഹ നോട്ടീസ് ബുക്കിലെ ആക്ഷേപവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പല്ലാതെയുള്ളത്, അല്ലെങ്കിൽ (ബി) വിവാഹ സാക്ഷ്യപത്ര ബുക്കിലുള്ളത് (അപേക്ഷകൻ നൽകേണ്ടത്) | 105 00 |
| (vii) | നോട്ടീസോ ഇതുവരെ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് ഏതെങ്കിലും നടപടികളോ അല്ലാതെയുള്ള, വിവാഹ നോട്ടീസ് ബുക്കിലെ ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന് (അപേക്ഷകൻ നൽകേണ്ടത്) | 105 00 |
| (viii) | വിവാഹ ഉദ്യോഗസ്ഥന്റെ ഓഫീസിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്ത് വിവാഹം നടത്തുന്നതിന് (v)-ാം ഉൾക്കുറിപ്പിലെ ഫീസിന് പുറമേ (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) | 1050 00 |

<u>കുറിപ്പ്</u>:- വിവാഹ ഉദ്യോഗസ്ഥന് ഈ ഫീസ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനു പുറമേ യാതൊരു യാത്രാ ബത്തയ്ക്കും അവകാശവാദമുന്നയിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (ix) | തിരച്ചിൽ നടത്തുന്നതിന് (അപേക്ഷകൻ നൽകേണ്ടത്) | |
| | (എ) ഉൾക്കുറിപ്പ് നടപ്പുവർഷത്തിലുള്ളതാണെങ്കിൽ | 105 00 |
| | (ബി) ഉൾക്കുറിപ്പ് ഏതെങ്കിലും മുൻവർഷത്തെയോ വർഷങ്ങളിലെയോ ആണെങ്കിൽ, (അപ്രകാരമുള്ള ഓരോ വർഷത്തിനും). | 105 00." |

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ബി.ജി. ഹരീന്ദ്രനാഥ്,**
**നിയമ വകുപ്പ് സെക്രട്ടറി.**

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കണമെന്ന് 2018 മാർച്ച് 26-ാം തീയതിയിലെ ഐ.ജി.ആർ.9.2259/2018 എന്ന നമ്പരിലെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത ഫീസ് വർദ്ധിപ്പിക്കുന്നതിനും അതിനനുസൃതമായി 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ടം ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.